# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4817** **14.11.2019 -ൽ മറുപടിയ്ക്ക്**

## ഡയറ്റ് അദ്ധ്യാപകരുടെ സ്ഥിര നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ) | 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പതിനാല് ഡയറ്റുകൾ നിലവിൽ വന്നെങ്കിലും അദ്ധ്യാപകരുടെ സ്ഥിര നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കാൻ വൈകുന്നതിന്റെ കാലതാമസം വിശദമാക്കാമോ; | (എ) | ഡയറ്റ് നിയമനത്തിനായുള്ള സ്പെഷ്യൽ റൂൾസ് 2011 വർഷത്തിൽ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്പെഷ്യൽ റൂളിൽ നിരവധി അപാകതകൾശ്രദ്ധയിൽ പ്പെട്ടതിനാൽ ഭേദഗതി ചെയ്ത് പുതുക്കിയ സ്പെഷ്യൽ റൂൾപുറപ്പെടുവിക്കുന്നതിനുള്ള സത്വര നടപടികൾ നടന്നു വരികയാണ്. |
| ബി) | 2008-നു ശേഷം നിയമനം നടത്താൻ വ്യവസ്ഥയില്ലാത്തതുകാരണം യോഗ്യ-രായവർക്ക് അവസരം നഷ്ടമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | യോഗ്യരായ സർക്കാർ സ്കൂൾ അദ്ധ്യാപകരെ താത്ക്കാലിക - മായി അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| സി) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ ത്തിന്റെ നടത്തിപ്പിന് ഡയറ്റുകളിലെ സ്ഥിരനിയമനത്തിന്റെ അഭാവം സൃഷ്ടിച്ച പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശി ക്കുന്നത്; വ്യക്തമാക്കാമോ; | സി) | യോഗ്യരായ സർക്കാർസ്കൂൾ അദ്ധ്യാപകരെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഡയറ്റുകളുടെ പ്രവർത്തനത്തിന് കേന്ദ്ര സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ സ്ഥിരനിയമനം നടത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ഡി) | ഡയറ്റ് ലക്ചറർ തസ്തികകൾ താത്കാലികമായി അന്യത്രസേവന വ്യവസ്ഥയിൽ നികത്തിയിട്ടുള്ളതിനാൽ കേന്ദ്രസഹായം ലഭ്യമാകുന്ന കാര്യത്തിൽ തടസ്സങ്ങൾ ഒന്നും നിലനിൽക്കുന്നില്ല. |
| ഇ) | കേരളത്തിൽ പതിനാല് ഡയറ്റുകളിൽ വിവിധ വിഷയങ്ങളിലും ഡിപ്പാർട്ടു മെന്റിലുമായി എത്ര അദ്ധ്യാപക തസ്തികകൾ നിലവിലുണ്ട്; വിശദ മാക്കാമോ; | ഇ) | പതിനാല് ഡയറ്റുകളിലുമായി പ്രിൻസിപ്പാൾ, സീനിയർ ലക്ചറർ, ലക്ചറർ തസ്തികയിൽ നിലവിലുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു.<br>പ്രിൻസിപ്പാൾ -14,സീനിയർ ലക്ചറർ - 97,ലക്ചറർ -173 |
| എഫ്) | അടുത്ത അധ്യയന വർഷം തന്നെ മുഴുവൻ ഡയറ്റുകളിലും അദ്ധ്യാപകരുടെ സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദ മാക്കാമോ? | എഫ്) | ഡയറ്റുകളിലെ അദ്ധ്യാപകരുടെ സ്ഥിരം നിയമനം നടത്തുന്നതിനായി നിലവിലെ സ്പെഷ്യൽറൂൾ ഭേദഗതിചെയ്ത് പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ